**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2890** **18-03-2022 - ൽ മറുപടിയ്ക്ക്**

**വനവിസ്തൃതിയും വനാതിർത്തിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഓരോ വർഷം കഴിയും തോറും സംസ്ഥനത്തിന്റെ വനവിസ്തൃതി ഗണ്യമായ തോതിൽ കുറഞ്ഞ് വരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. വനം വകുപ്പിന്റെ ഭരണ റിപ്പോർട്ട് പ്രകാരം 2018-19 ൽ വനവിസ്തൃതി 11520.058 ച.കി.മീറ്ററായിരുന്നത് 2019-20 ൽ 11521.99 ച.കി.മീറ്ററായി വർദ്ധിച്ചതായാണ് കണക്കാക്കിയിട്ടുള്ളത്. |
| (ബി) | വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | വനം-റവന്യൂ അതിർത്തികൾ സംയുക്ത വെരിഫിക്കേഷൻ നടത്തി ജണ്ട കെട്ടി കൃത്യമായി തിരിക്കാത്തതിന്റെ പേരിൽ സംസ്ഥാനത്ത് പല സ്ഥലങ്ങളിലും വസ്തു നികുതി സ്വീകരിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് കോടതി വ്യവഹാരങ്ങൾ ത്വരിതപ്പെടുത്തുന്നതിനും, വനം - റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തീകരിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

- പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ, റിസർവ്വ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികൾ എന്നിവ റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും, തൃശ്ശൂർ ജില്ലയിൽ 3.3853 ഹെക്ടറും, കാസർഗോഡ് ജില്ലയിൽ 54.6950 ഹെക്ടറും, എറണാകുളം ജില്ലയിൽ 4 ഹെക്ടറും കണ്ടൽവനങ്ങൾ വനം നിയമം സെക്ഷൻ 19 പ്രകാരം റിസർവ്വ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചു വരുന്നുണ്ട്. കൂടാതെ വനം നിയമം സെക്ഷൻ 4 പ്രകാരം ഇടുക്കി, കോട്ടയം. എറണാകുളം, കോഴിക്കോട്, കണ്ണൂർ, തൃശ്ശൂർ. ആലപ്പുഴ, കൊല്ലം, മലപ്പുറം എന്നീ ജില്ലകളിലായി ആകെ 775.55365 ഹെക്ടർ പ്രൊപ്പോസ്ഡ് റിസർവ്വായി പ്രഖ്യാപിച്ചിട്ടുണ്ട്.
- റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ വനത്തിനുള്ളിലും വനത്തോട് ചേർന്നുകിടക്കുന്ന തെരഞ്ഞെടുത്ത സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനും ഇപ്രകാരമുള്ള പ്രദേശങ്ങളിലെ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനും സ്വകാര്യ കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്. KIIFB യുടെ കീഴിൽ വനത്തിനുള്ളിൽ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനുള്ള പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്.
- പരിസ്ഥിതി ദുർബല പ്രദേശങ്ങൾ യഥാസമയങ്ങളിൽ കണ്ടെത്തി ആയത് ഇ.എഫ്.എൽ ആയി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.
- വനാതിർത്തികൾ സർവ്വേ ചെയ്ത് അതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ സ്ഥാപിക്കുന്ന പ്രവർത്തികൾ നടപ്പിലാക്കി വരുന്നു.

- 1957 ലെ കേരള ഭൂസംരക്ഷണ നിയമം സെക്ഷൻ 11 (2) പ്രകാരം വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വനഭൂമിയിൽ കയ്യേറ്റം കണ്ടെത്തിയാൽ ഉടൻ തന്നെ ഒഴിപ്പിക്കുകയും വനം കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. ബഹു. കേരള ഹൈക്കോടതിയുടെ 04.09.2015 ലെ വിധി പ്രകാരം കയ്യേറ്റക്കാരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതും ടി വ്യക്തി കൾക്ക് നിയമപ്രകാരമുള്ള നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. വനഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി നിരവധി കോടതി വിധികൾ ഉണ്ടായിട്ടുണ്ട്. എന്നാൽ പ്രാദേശിക ജനങ്ങളുടെ എതിർപ്പ് മൂലവും, രാഷ്ട്രീയ സാമൂഹിക ഇടപെടലുകൾ മൂലവും കയ്യേറ്റം ഒഴിപ്പിക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. കൂടാതെ കോടതി വിധികളെ തുടർന്നുണ്ടായ തുടർ വ്യവഹാരങ്ങളും കയ്യേറ്റം ഒഴിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്നുണ്ട്.
- ബഹു. കേരള ഹൈക്കോടതിയുടെ OP-18467/2002, OP-1947/2003 നമ്പർ കേസുകളിലായി പുറപ്പെടുവിച്ച ഉത്തരവിന് വിധേയമായി 01.01.1977 ന് ശേഷമുള്ള വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- വനാതിർത്തികളിൽ നിരന്തര പരിശോധന നടത്തി വനം കയ്യേറ്റം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.